**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273** **04-08-2021 - ൽ മറുപടിയ്ക്ക്**

**കേസുകൾ രജിസ്റ്റർ ചെയ്യുന്നതിലെ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. റോജി എം. ജോൺ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ രജിസ്റ്റർ ചെയ്യുന്നതിലും അന്വേഷണം നടത്തുന്നതിലും പോലീസിന് വീഴ്ച സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടി കളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇവർക്കു നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണി ക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറി നുള്ളിൽ കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ പരാതിക്കാർ നേരിട്ടെത്തണമെന്ന സാഹചര്യം ഒഴിവാ ക്കുന്നതിനായി അവരുടെ താമസ യിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതി നടപ്പാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന "aparajitha.pol@kerala.gov.in" സ്ത്രീകൾ ക്ക് സ്വകാര്യമായി പരാതി നൽകുന്ന തിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനുപുറമേ, പരാതികൾ നേരിട്ടറിയി ക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്ന തിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി.ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പരാതികൾ 94979- 99955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. സ്ത്രീകൾ നേരിടുന്ന സൈബർ ലോകത്തിലെ അതിക്രമങ്ങൾ, സ്ത്രീധന വുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനായി കേരള പോലീസിൻറെ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും |

| | | | |
|---|---|---|---|
| | | | സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. ഇതിനുപുറമേ പരാതികളിൽ സ്ത്രീ പക്ഷത്തുനിന്നുകൊണ്ട് ഫലപ്രദമായി ഇടപെടുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും ഈ പദ്ധതി വഴി നൽകും. അതോടൊപ്പം നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായ ത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ലഭിച്ചാൽ ശാസ്ത്രീയ തെളിവുൾപ്പെടെ ശേഖരിച്ച് അതിവേഗം കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുവരുന്നുണ്ട്. എല്ലാ മാസവും ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്താറുണ്ട്. വീഴ്ചയോ അപാകതയോ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | വാളയാറിലും പാലത്തായിയിലും കുണ്ടറയിലും അടക്കമുള്ള കേസുകളിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 94/2020 ആയി രജിസ്റ്റർ ചെയ്ത പാലത്തായി കേസിൽ അന്വേഷണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസന്വേഷണം യഥാസമയം ക്രൈം ബ്രാഞ്ചിനെ ഏൽപിക്കുകയും ഇൻസ്പെക്ടർ ജനറലിൻറെ നേരിട്ടുള്ള മേൽനോട്ടത്തിൽ അന്വേഷണം പൂർത്തിയാക്കി ബഹു: ജില്ലാ അഡീഷണൽ സെഷൻസ് കോടതിയിൽ (POCSO Court) കുറ്റപത്രം സമർപ്പി ച്ചിട്ടുണ്ട്. അട്ടപ്പള്ളത്ത് പെൺകുട്ടികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 43/2017, 240/2017 എന്നിങ്ങനെ രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ വീഴ്ച വരുത്തിയ സബ് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തു. തുടർന്ന് വകുപ്പുതല ശിക്ഷാനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം മേൽനോട്ടവീഴ്ച ഉണ്ടാ യെന്ന് കണ്ടെത്തിയ ഇൻസ്പെക്ടർ ക്കെതിരെയും അന്വേഷണം നടത്തി ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്. കുണ്ടറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1776/2021 കേസിൽ വീഴ്ച വരുത്തിയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിന് പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾക്ക് ജയിലുകളിൽ ഫോൺ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുവെന്ന ആരോപണത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ടി.പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾ 2014-ൽ വിയ്യൂർ സെൻട്രൽ ജയിലിൽ ഫോൺ ഉപയോഗിച്ചതായി കണ്ടെത്തു കയുണ്ടായി. ഇതേത്തുടർന്ന് 5 ജീവനക്കാരെ വിവിധ ജയിലുകളിലേക്ക് സ്ഥലം മാറ്റി. ഇക്കാര്യത്തിൽ വിയ്യൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 854/2014 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ 2019-ൽ നടന്ന റെയ്ഡിലും സമാനമായ കണ്ടെത്തലുകളുണ്ടായതിനെത്തുടർന്ന് തടവുകാരെ ആ ജയിലിൽ നിന്നും മാറ്റിപ്പാർപ്പിച്ചു. ഇക്കാര്യത്തിൽ ക്രൈം നമ്പർ 632/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് വിയ്യൂർ പോലീസ് അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ